കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ(ബിപി)1957/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 04.02.2019

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-2, 3-7, 3-8 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(ബിപി)1957/2018 തീയതി: 04.02.2019

# തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 1.8.17 മുതൽ 3.12.18 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.12.18 മുതൽ 11.12.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.തുളസീദാസ്. വി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമ.വി.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ലതി വേണുഗോപാൽ | 1.04.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | പി.വി.ബാലകൃഷ്ണൻ | 1.4.17 മുതൽ 24.6.17 FNവരെ |
| | സജീവൻ.ടി.കെ | 24.6.17 AN മുതൽ 8.2.18 വരെ |
| | അബ്ദുൾ സലാം എം | 9.2.18 മുതൽ 31.3.18 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.കെ.ടി.സുജ | 1.04.17 മുതൽ 31.3.18വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശോഭനകുമാരി.എൽ | 1.4.17 മുതൽ 31.5.17 വരെ |
| | സ്റ്റെല്ല. വി ഡി | 1.6.17 മുതൽ 4.7.17 വരെ |
| | സതി.ടി | 5.7.17 മുതൽ 31.3.18 വരെ |
| എ.ഡി.എ മുല്ലശ്ശേരി | സന്ധ്യ.വി. | 1.4.17 മുതൽ 14.2.18FN വരെ |
| | അനിത.എം.കെ | 14.2.18 AN മുതൽ 28.2.18 വരെ |
| | സരസ്വതി. എൻ.കെ | 1.3.18 AN മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | എൻ.വീണ | 1.4.17 മുതൽ 18.7.17 FN വരെ |
| | ആമിന.പി ബി | 18.7.17 AN മുതൽ 31.3.18 വരെ |

| | | |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | പ്രദീപ് കുമാർ .കെ | 1.4.17 മുതൽ 2.9.17 FN വരെ |
| | അജിത.പി.എം | 2.9.17AN മുതൽ 31.3.18 വരെ |
| അസി. എഞ്ചിനീയർ | രാജിമോൾ എസ് രാജു | 1.4.17 മുതൽ 9.10.17 FN വരെ |
| | രിഷ്മ പി പി | 9.10.17AN മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | അജിത് കുമാർ. എം.ആർ | 1.04.17 മുതൽ 31.3.18 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധന | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1.7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.10 |
| | ഭാഗം 2 | |
| 11 | ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക പിരിവ് അപാകതകൾ | 2.1 |
| 12 | ടെണ്ടർഫോം വിലയിനത്തിൽ 72,383/- രൂപ തിരികെ ലഭിച്ചില്ല. | 2.2 |

| | | |
|---|---|---|
| | ഭാഗം 3 | |
| 13 | വാട്ടർ പ്യൂരിഫൈയിംഗ് പ്ലാന്റ് വാങ്ങിയത് – നടപടിക്രമങ്ങൾ പാലിച്ചില്ല. | 3.1 |
| 14 | ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. | 3.2 |
| 15 | വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.3 |
| 16 | നിർമ്മാണ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3.4 |
| 17 | കർഷകർക്ക് പാലിന് സബ്സിഡി- തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് അടവാക്കിയില്ല | 3.5 |
| 18 | ശുചിത്വം, ഖരമാലിന്യം പഞ്ചായത്തിന് ഫണ്ട് കൈമാറൽ - പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3.6 |
| 19 | മുതിർന്ന പൗരന്മാർക്കുള്ള ചികിത്സാ പരിപാടി – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം– 89000 ഓഡിറ്റിൽ നിരാകരിക്കുന്നു. | 3.7 |
| 20 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3.8 |
| 21 | വിദേശ തൊഴിൽ ധനസഹായം- രേഖകൾ ഹാജരാക്കിയില്ല | 3.9 |
| 22 | ഐ.എ.വൈ ഭവന പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. | 3.10 |
| 23 | ഐ.എ.വൈ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് | 3.11 |
| 24 | ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി നിലവിലെ സ്ഥിതി അവലോകനം | 3.12 |
| | ഭാഗം 4 | |

| | | |
|---|---|---|
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 30 | ഓഡിറ്റ് റിക്കവറി | 4.6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 32 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4.8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം | |
| 36 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.3.17 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 210567830 രൂപയും പ്രതീക്ഷിത ചെലവ് 209771830 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് വാർഷിക കണക്കുപ്രകാരം 39817403/- രൂപയും യഥാർത്ഥ ചെലവ് 36685349/- രൂപയുമാണ്. ബജറ്റ് ചട്ടങ്ങൾക്കനുസൃതമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 1.6.18 | - | 23/6/18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14/9/18 -15/9/18 | ടി.എസ്.ആർ ഇ3/1517 /18 തീയതി 5.11.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14727340 |
| വരവ് | 39817403 |
| ആകെ | 54544743 |
| ചെലവ് | 36685349 |
| നീക്കിയിരിപ്പ് | 17859394 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16605784 | 16605784 | 11946348 | 465946 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12803175 | 12803175 | 11792729 | 1010446 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 53000 | 53000 | 0 | 53000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2327197 | 2327197 | 1357406 | 969791 |
| സാക്ഷരത | 0 | 94800 | 94800 | 94800 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1326483 | 50909 | 1377392 | 503490 | 873902 |
| ഐ.എ.വൈ | 11 | 0 | 11 | 0 | 11 |
| വില്ലേജ് ഹട്ട് | 9038 | 347 | 9385 | 0 | 9385 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 818230 | 2138024 | 2956254 | 2171339 | 784915 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.എ.വൈ സ്റ്റേറ്റ് | | | | | | |
| ഐ.എ.വൈ ഭരണച്ചെലവ് | | 11743 | 285 | 12028 | 3921 | 8107 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 4584142 | 4584142 | 248093 | 4336049 |
| | ജില്ലാ പഞ്ചായത്ത് | 7459360 | 4310819 | 11770179 | 5089400 | 6680779 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI മുല്ലശ്ശേരി | 1160759 | 725826 | 1886585 | 736427 | 1150158 |
| | ട്രഷറി അക്കൗണ്ട് | 500 | - | 500 | - | 500 |
| | ജനറൽ പർപ്പസ് ഫണ്ട് | 3941166 | 4376136 | 8317302 | 4301714 | 4015588 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 56 | 53021378 | 41 | 25527067 | 7 | 8 | 73.21 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.18 തിയതിയിൽ 4.30 pm.ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. 2017-18 വർഷത്തിൽ അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

2. വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട 30-6-2007 ലെ ജി.ഒ.(എംഎസ്)170/07 /തസ്വഭവ ഉത്തരവ്, ധനകാര്യ വകുപ്പിന്റെ 2-8-2008 ലെ 41/2008/ധനം നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

3. പ്രോജക്റ്റുകളോടൊപ്പം മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് വെയ്ക്കുന്നില്ല. മോണിറ്ററിംഗ് നടത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനു ശേഷം മോണിറ്ററിംഗ് സമിതികളായി മാറി മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

4. 2017-18 വർഷത്തിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൻവർഷം നടത്തിയ വാങ്ങലുകൾ കമ്മറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലായിരുന്നുവോ എന്നത് വ്യക്തമല്ല.

5. 2017-18 വർഷത്തിൽ വാടകയുടെ ഡിസിബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാടകയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.18 -30.11.18 | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.14-27.12.14 | 2009-10 മുതൽ 2013-14 വരെ | 20.04.15 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാടക വരവ് തുകയുടെ ഡിമാന്റ്, കളക്ഷൻ ബാലൻസ് (തൻവർഷം, കുടിശ്ശിക) തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 15-ന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 'cheque deposited but not collected'ആയി 3,79,545/- രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. ട്രഷറിയിൽ വരവായി കാണിച്ചിരിക്കുന്ന മേൽ തുക ബ്ലോക്ക് പഞ്ചായത്തിന്റെ വരവായി ഉൾപ്പെടുത്തേണ്ടതാണ്.

3. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക പിരിവ് അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വാടക പിരിവിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2017-18 സാമ്പത്തിക വർഷത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയിട്ടില്ല.
2) 2016-17 സാമ്പത്തിക വർഷത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെൻറ് പ്രകാരം കെട്ടിട നമ്പർ 15/182 ഉപയാഗിച്ച് വരുന്ന ശ്രീമതി.ജയശ്രീ പുഷ്കരൻ 2015 നവംബർ മുതൽ വാടക അടവാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിലും ശ്രീമതി.ജയശ്രീ പുഷ്കരന്റെ പേരിൽ 4800 രൂപ കളക്ഷൻ റജിസ്റ്ററിൽ ഡിമാന്റ് കാണിച്ചിട്ടുണ്ട്. വാടക അടവാക്കാതെ ടിയാൾ കെട്ടിടം ഉപയോഗിച്ച് വരുന്നുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്.
3) 2016-17 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക 2017-18 സാമ്പത്തിക വർഷത്തിലെ ഡിമാന്റ് തുകയോടു കൂടെ ചേർത്തിട്ടില്ല. നാളിതുവരെയുള്ള വാടക കുടിശ്ശിക പലിശസഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക അടവാക്കാത്തവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എസ്.സി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വാടക കെട്ടിടത്തിലെ മുറികൾ എസ്.സി ഉപഭോക്താക്കൾക്കു തന്നെയാണ് വാടകയ്ക്കു നൽകിയിരിക്കുന്നതെന്നും മുറികൾ മേൽവാടകയ്ക്കു നൽകുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

### 2-2 ടെണ്ടർഫോം വിലയിനത്തിൽ 72,383/- രൂപ തിരികെ ലഭിച്ചില്ല.

2016-17 വർഷം മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തിയ വകയിൽ ടെണ്ടർ ഫോം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള 54,315/- രൂപയും, 2017-18 വർഷം ലഭിക്കാനുള്ള 18,068/- രൂപയും ചേർത്ത് ആകെ 72,383/-രൂപ (വാറ്റടക്കം) ഇനിയും ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ആയത് തിരികെ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാന്റ് വാങ്ങിയത് -

## നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോ.നം.52/18

സ്ഥാപനത്തിന്റെ പേര് - വാട്ടർ വേൾഡ് കൺസൾട്ടൻസി & സൊല്യൂഷൻ, പൂത്തോൾ, തൃശ്ശൂർ

ചെക്ക് നം.6617467/27-3-18 Rs.356680/-

" 036250/27-3-18 Rs.500000/-

മുല്ലശ്ശേരി CHC യിലെ കുഴൽകിണറിലെ വെള്ളം ശുദ്ധീകരിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്. എസ്റ്റിമേറ്റ് പ്രകാരം മേൽ പദ്ധതി രണ്ട് ഭാഗങ്ങളായാണ് ചെയ്യാൻ ഉദ്ദേശിച്ചത്, പ്ലാന്റ് വാങ്ങി സ്ഥാപിക്കലും, പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സിവിൽ വർക്കുകളും (900000+300000=1200000) . 2017-18 വർഷം പ്ലാന്റ് വാങ്ങൽ മാത്രമേ നടന്നതായി കാണുന്നുള്ളൂ. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ, പ്ലാന്റ് ഓഫീസിന്റെ ഒരു വശത്ത് വരാന്തയിൽ സ്ഥാപിച്ചതായും നിലവിൽ പ്രവർത്തിച്ചുവരുന്നതായും കണ്ടു.

മേൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. എന്നാൽ ഈസ്ഥാപനത്തിന് സിവിൽ വർക്ക് ചെയ്യാൻ ലൈസൻസ് ഉണ്ടായിരുന്നില്ല. തുടർന്ന് റീ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടറുകളൊന്നും ലഭ്യമായില്ല. തുടർന്ന് ക്വട്ടേഷൻ പ്രകാരം ആദ്യം ടെണ്ടർ സമർപ്പിച്ചിരുന്ന Waterworld Consultancy & Solutions എന്ന സ്ഥാപനത്തിന് കരാർ നല്കി പ്ലാന്റ് സ്ഥാപിക്കുകയായിരുന്നു.

മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 856680/- രൂപ ചെലവഴിച്ച് പ്യൂരിഫൈയിംഗ് പ്ലാന്റ് വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് റൂൾസ്, 2010 ലെ സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ എന്നിവ ബാധകമാക്കേണ്ടതായിരുന്നു. 2010 ലെ സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 50000/- രൂപ വരെയുള്ളവ മാത്രമാണ് ക്വട്ടേഷൻ മുഖേന വാങ്ങാവുന്നത്. ആയതിനാൽ ഒമ്പത് ലക്ഷത്തോളം രൂപ വിലയുള്ള പ്ലാന്റ് ക്വട്ടേഷൻ മുഖേന വാങ്ങിയത് ക്രമപ്രകാരമല്ല. മാത്രമല്ല സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ക്വട്ടേഷൻ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ ചുരുങ്ങിയത് മൂന്ന് ക്വട്ടേഷനുകൾ വേണം. എന്നാൽ ഇവിടെ രണ്ട് ക്വട്ടേഷനുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

2. ടെണ്ടർ, റീ ടെണ്ടർ എന്നിവയിൽ സിവിൽ വർക്കുകൾ കൂടി ഉൾപ്പെടുത്തിയതിനാലാണ് ടെണ്ടറിന് കാര്യമായ പ്രതികരണം ലഭിക്കാതിരുന്നത് എന്നത് വ്യക്തമാണ്.

3. ലഭ്യമായ രണ്ട് ക്വട്ടേഷനുകളിലും ഒരേ അഡ്രസ്സും ഫോൺ നമ്പറുമാണ് കാണിച്ചിരിക്കുന്നത്. ഇതിൽനിന്നും ഒരേ സ്ഥാപനംതന്നെ വ്യത്യസ്ത പേരിൽ ക്വട്ടേഷനുകൾ സമർപ്പിച്ചതാണെന്ന് വ്യക്തമാണ്.

4. പ്ലാന്റ് സ്ഥാപിച്ചതിനുശേഷം വെള്ളം പരിശോധിച്ചതിൽ കാൽസ്യം, മെഗ്നീഷ്യം എന്നീ മൂലകങ്ങൾ അനുവദനീയമായതിലും കൂടുതൽ അളവിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാങ്ങിയ പ്ലാന്റിൽ മേൽ പറഞ്ഞ മൂലകങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനമില്ല. ഈ വെള്ളം ആശുപത്രിയിൽ ഉപയോഗിക്കുന്നതിൽ എന്തെങ്കിലും ദോഷമുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5. 12/2/18 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം മേൽ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ താഴെ പറയുന്ന തീയ്യതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്വട്ടേഷനുകൾ വിതരണം ചെയ്യുന്ന തീയ്യതി - 20/2/18 12മണിവരെ

“ സ്വീകരിക്കുന്ന തീയ്യതി - “ 2 മണിവരെ

“ തുറക്കുന്ന തീയ്യതി - “ 4 മണിവരെ

ഇതിൽനിന്നും ക്വട്ടേഷൻ സമർപ്പിക്കുന്നതിന് ആവശ്യമായ സമയം അനുവദിച്ചിട്ടില്ല എന്നത് വ്യക്തമാണ്.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി തൃപ്തികരമല്ല. (എൻക്വയറി നം.2/7-12-18). അപാകതകൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.
നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങൽ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നതോടൊപ്പം അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതുവരെ 856680/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-2 ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥലങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുണ്ട്.

| ക്രമ നം. | എന്തിനു വേണ്ടി വാങ്ങി | ആസ്തി നം. | വിസ്തൃതി | സർവ്വേ നം | വാങ്ങിയ വില, മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം | 108710050000000001 | 41Are | 36/1,37 /2,38/1 | 60,44,000/dt.31/3/04 |
| 2 | വാക കളിസ്ഥലം | 108710050000000002 | 34 Are | 376/4,376/5 | 98,280/-dt.30-3-2007 |
| 3 | SGSY വിപണനകേന്ദ്രം | 108700100300000001 | 7 Are | - | Rs.18720/- dt.30/3/07 |

ലക്ഷങ്ങൾ ചെലവഴിച്ച് വർഷങ്ങൾക്ക് മുൻപ് വാങ്ങിയ പ്രസ്തുത സ്ഥലങ്ങൾ നാളിതുവരേയും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇവ എത്രയും വേഗം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച ക്രമനം 1,2 എന്നിവയുടെ ഭൂമിയുടെ തരം നിലം എന്നാണ് കാണിച്ചിട്ടുള്ളത്. ഇതിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം നിർമ്മാണപ്രവൃത്തികൾ നടത്താനാകുമോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.

## 3-3 വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക

## തടസ്സപ്പെടുത്തുന്നു

2017-18 വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതാതിന്റെ നേർക്ക് കാണിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ 8,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോ.നം./പേര് | ചെലവ് വിവരം | ആർക്ക് നല്കി | അപാകതകൾ |
|---|---|---|---|---|
| 1 | 42/18- നെൽ കൃഷിക്ക് സബ്സിഡി - ബ്ലോക്ക് വിഹിതം | Rs.287250/- ട്ര.ബി.നം 1/15-1-18 Rs.437750/- ട്ര.ബി.നം 2/25-1-18 | വെങ്കിടങ്ങ് പഞ്ചായത്തിന്- Rs.500000/- മുല്ലശ്ശേരി പഞ്ചായത്തിന് Rs.225000/- | തുക വിതരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| 2 | 45/18- പച്ചക്കറി കൃഷിക്ക് സബ്സിഡി | Rs.75000/- ട്ര.ബി.നം. 3/17-2-18 | പാവറട്ടി ഗ്രാമ പഞ്ചായത്തിന് | ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്റ്റ്, റിക്വിസിഷൻ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 800000/- | | |

# 3-4 നിർമ്മാണ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017-18 വർഷത്തിൽ താഴെ പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോ. നം. / പേര് | ചെലവ് തുക | ബിൽ നം./തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | 8/18- തണ്ണീർ കായൽ എസ്സ് സി. കോളനി നടപ്പാത നിർമ്മാണം | 1469050/- | ട്ര.ബി.നം.1/17-6-17 | പി.കെ.ചന്ദ്രൻ |
| 2 | 4/18- വടക്കേ കോഞ്ചിറ കോൾപടവിൽ മോട്ടോർ ഷെഡ് നിർമ്മാണം | 702225/- | ട്ര.ബി.നം.4/28-6-17 Rs.468515<br>ട്ര.ബി.നം.5/30-6-17 Rs.233710/- | എം.ഡി.പ്രേമദാസ് |

10-12-18 ന് നടത്തിയ സൈറ്റ് പരിശോധനയിൽ ക്രമ നം. 1 പ്രവൃത്തിയിൽ രണ്ടിടത്തായി ഏകദേശം ഒന്നര മീറ്റർ നീളത്തിൽ DR Packing അടർന്നതായി കാണപ്പെട്ടു. 2018 ആഗസ്റ്റിലെ പ്രളയത്തിന് മുൻപ് തന്നെ ഇത് സംഭവിച്ചിട്ടുണ്ടെന്ന് തദ്ദേശവാസികൾ അഭിപ്രായപ്പെട്ടു.

ക്രമ നം.2 ൽ മോട്ടോർ ഷെഡിനു മുകളിൽ സ്ഥാപിച്ച ട്രസ്സ് വർക്ക് പൂർണ്ണമായും തകർന്ന സ്ഥിതിയിലാണ്. പ്രളയത്തോടനുബന്ധിച്ചുണ്ടായ ശക്തമായ കാറ്റിൽ ട്രസ്സും ഷീറ്റും പറന്ന് പോവുകയാണുണ്ടായത് എന്നാണ് അറിയിച്ചത്. ഷെഡിനകത്ത് വലിയ പമ്പ് സെറ്റുകളും മറ്റും സ്ഥാപിച്ചിട്ടുള്ളതിനാൽ മഴക്കാലത്തിനുമുമ്പ് ഇത് പൂർവ്വ സ്ഥിതിയിലാക്കേണ്ടതുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ സൈറ്റ് പരിശോധന റിപ്പോർട്ടിന് നല്കിയ മറുപടിയിൽ ക്രമനം.1 ൽ കരാറുകാരന്റെ സെക്യൂരിറ്റി ഡെപോസിറ്റ് തിരികെ നല്കുന്നതിനു മുൻപ് തകരാർ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമനം 2 ൽ ഇത് ശരിയാക്കാനായി തുടർ പ്രോജക്റ്റ് വെക്കുന്നതാണെന്നും അല്ലാത്തപക്ഷം കരാറുകാരന്റെ സെക്യൂരിറ്റി ഡെപോസിറ്റ് തിരികെ നല്കുന്നതിനുമുൻപ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## **3-5** കർഷകർക്ക് പാലിന് സബ്സിഡി- തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് അടവാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ: ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

പ്രോജക്ട് നം 9/18

ബിൽ നം LSGD 1/17-18 തിയതി . 28.9.18 തുക 250000

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തുക കൈമാറിയിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന് പരിധിയിലുള്ള നാല് ഗ്രാമപഞ്ചായത്തുകൾക്കാണ്. ഇതിൽ പാവറട്ടി ഗ്രാമപഞ്ചായത്ത്, ഗുണഭോക്താക്കൾ കുറവായതിനാൽ ബ്ലോക്ക് വിഹിതം 49000 രൂപ തിരിച്ചടയ്ക്കുന്നതിന് തീരുമാനിക്കുകയും ( പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(1)/ തീയതി 2.11.17) ബ്ലോക്ക് പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ച്വർ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 12.4.18 ൽ ആണ് അക്കൗണ്ടിൽ വരവ് വന്നിരിക്കുന്നത്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണെങ്കിലും അപ്രകാരം അടവാക്കിയതായി കാണുന്നില്ല. ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-6** ശുചിത്വം , ഖരമാലിന്യം പഞ്ചായത്തിന് ഫണ്ട് കൈമാറൽ- പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

പ്രോജക്ട് നം 13/18

ബിൽ നം 44/17-18 തിയതി . 17.3.18 തുക 1400000

ബിൽ നം 45/17-18 തിയതി . 17.3.18 തുക 213900

പദ്ധതി പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിനാണ് തുകകൾ കൈമാറിയിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനായി വ്യവസായ എസ്റ്റേറ്റിൽ കെട്ടിടം ( പ്രോജക്ട് നം. 197/18)എന്ന പദ്ധതിയ്ക്കായി 1400000 രൂപയും , "ഷ്രഡിംഗ് ,ബെയിലിംഗ് യൂണിറ്റ് വാങ്ങൽ" എന്ന പദ്ധതിയ്ക്കായി 213900 രൂപയുമാണ് കൈമാറിയിരിക്കുന്നത്. "മാലിന്യ സംസ്കരണത്തിനായി വ്യവസായഎസ്റ്റേറ്റിൽ കെട്ടിടം" എന്ന ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പരിശോധിച്ചതിൽ പദ്ധതിയിൽ ബ്ലോക്ക് വിഹിതം മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് മാത്രം ഫണ്ട് വകയിരുത്തിയിട്ടുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്നതിന് പകരം ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കിയത് മാത്രമല്ല മുഴവൻ വിഹിതവും ബ്ളോക്ക് പഞ്ചായത്തിന്റേതായതിനാൽ ഇതൊരു സംയുക്ത പ്രോജക്റ്റായും കണക്കാക്കാവുന്നതല്ല . ആയതിനാൽ ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഗ്രാമപഞ്ചായത്ത് നൽകിയ തുകയ്ക്കുള്ള വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1613900 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## **3-7** മുതിർന്ന പൗരന്മാർക്കുള്ള നേത്ര ചികിത്സാ പരിപാടി - മാർഗ്ഗരേഖക്ക് വിരുദ്ധം - **89000** രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
പ്രോജക്ട് നമ്പർ - 41/18

പ്രോജക്ട് -കാഴ്ച 2017 -മുതിർന്ന പൗരന്മാർക്കുള്ള നേത്ര ചികിത്സ പരിപാടി

ചെലവ് തുക - 89000/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 26/17-18 തീ.25/03/18 ,തുക - 12500/-

2)18/17-18 തീ.17/02/18,തുക -27500/-

3)4/17-18 തീ.15/10/17 തുക -49000/-

പ്രോജക്ട് ലക്ഷ്യം - 60വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാരിൽ 50%പേരെ നേത്ര പരിശോധനയ്ക്കു വിധേയമാക്കുക

എളവള്ളി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലും പാവർട്ടി,വെങ്കിടങ്ങ് ,മുല്ലശ്ശേരി എന്നിവിടങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ചും ക്യാമ്പ് നടത്തി 80 ഗുണഭോക്താക്കളെ കണ്ടെത്തുകയും ഒരാൾക്ക് 500 രൂപ വീതവും ക്യാമ്പ് നടത്തിപ്പിനുമായിട്ടാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.

2017-18വർഷത്തെ വാർഷിക പദ്ധതി മാർഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)നം.72/2017 /തസ്വഭവ തീ.29.03.2017 ഖ.6.9 (1)(i) ൽ ഈ മാർഗരേഖ പ്രകാരമോ ,സബ്സിഡിമാർഗരേഖ

[ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തീ.3.04.2017] പ്രകാരമോ പ്രത്യേകം ഒഴിവാക്കിയില്ലെങ്കിൽ ,വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്തുക്കളോ ആസ്തികളോ ധനസഹായമോ നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലയെന്ന് വ്യകതമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ട് വ്യക്തിഗത ആനുകൂല്യം നല്കുന്നതിനായി നടപ്പാക്കിയതായി കാണുന്നു. ആയതിന് പ്രത്യേക സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.6/10.12.18 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ മാർഗരേഖ പ്രകാരം ചെലവഴിക്കാൻ നിർദ്ദേശമില്ലാത്ത പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിനാൽ ചെലവ് തുകയായ 89000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## **3-8** മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു
I) പ്രോജക്ട് നമ്പർ - 12/18

പ്രോജക്ട് -മറവി രോഗ പരിചരണ ക്ലിനിക്ക്

ചെലവ് തുക - 50000/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 1/17-18 തീ.30/8/17 ,തുക - 6250/-

2)19/17-18 തീ.17/02/18 ,തുക – 18750/-

3)22/17-18 തീ.27/02/18 ,തുക -23000/-

4)28/17-18 തി.27/3/18 തുക -2000/-

പ്രോജക്ട് ലക്ഷ്യം - 60 വയസ്സിന് മുകളിൽ പ്രായമുള്ള മറവിരോഗം ബാധിച്ചവരിൽ ഇതുവരെ കണ്ടുപിടിക്കാത്ത ആളുകളിൽ 25%കണ്ടെത്തി ചികിൽസിക്കുക .
a) ഫാഷൻ ഗിഫ്റ്റ്സ് എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നമ്പർ B-1356/17.2.18 വാങ്ങിയ സ്റ്റേഷനറികൾ(3500/-),മോഡേൺ ഫർണീച്ചർ,വെങ്കിടങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ അലമാര (7500/-) എന്നിവസ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബിൽ ക്രമ നമ്പർ 2 പ്രകാരം തുക നല്കിയിട്ടുണ്ട്.

b) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ടി പദ്ധതിക്കായിപ്രഫോർമ ഇൻവോയിസ് നം.PRF4205/14.2.18പ്രകാരം23000/-രൂപയുടെ മരുന്നിന് ഡിമാന്റ് ചെയ്തിട്ടുണ്ട് ആയതിന് ബിൽ ക്രമ നമ്പർ 3 പ്രകാരം തുക കെ.എം.സി.എൽ ന് കൈമാറിയിട്ടുണ്ട്. മരുന്ന് ലഭിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം നടത്തിയതിന്റെ രേഖകൾഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
c) മേൽ ബിൽ ക്രമ നമ്പർ 4പ്രകാരം ചെലവഴിച്ച 2000/-രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ 36000/- രൂപയുടെ (3500+7500+23000+2000)ചെലവ്

ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

II)പ്രോജക്ട് നമ്പർ - 39/18

പ്രോജക്ട് -കൈതാങ്ങ് 2017/അസ്ഥിക്ഷയ രോഗനിർണയവും പരിചരണവും

ചെലവ് തുക - 139445/- (വികസന ഫണ്ട്)

പ്രോജക്ട് ലക്ഷ്യം -60 വയസ്സുകഴിഞ്ഞ മുതിർന്ന പൗരന്മാരിൽ സന്ധിവേദന ,നടുവേദന അനുഭവപ്പെടുന്നവർക്ക് 25% പേർക്ക് വിദഗ്ധചികിത്സ

ബിൽ നമ്പർ -1) 2/17-18 തീ.22/9/17 ,തുക - 100000/-

2)14/17-18 തീ.27/12/17 ,തുക – 17445/-

3)15/17-18 തീ.27/12/17 ,തുക -2000/-

4)5/17-18 തി.15/10/17 തുക -20000/-

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 4 പി.എച്ച് .സികളിൽ വിവിധ ദിവസങ്ങളിൽ രോഗനിർണ്ണയ ക്ലിനിക്ക് നടത്തി രോഗനിർണ്ണയം നടത്തിയതായി ഫയലിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

a) മേൽ ബിൽ ക്രമ നമ്പർ 1പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള പ്രഫോർമ ഇൻവോയിസ് നം.PRF678/14.9.17പ്രകാരം ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 1,00,000/- രൂപ നൽകി. എന്നാൽ മരുന്ന് ലഭിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

b) ABC മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നമ്പർ 00655/14.9.17 -16941/-,0066 /1.9.17 -504 പ്രകാരം വാങ്ങിയ ലാബ് റീഏജന്റ് സ്റ്റോക്കിലെടുത്ത് വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ടി സ്ഥാപനത്തിന് മേൽ ക്രമനമ്പർ 2 പ്രകാരം 17445/- രൂപ നൽകിയിട്ടുണ്ട്.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 117445/- രൂപയുടെ ( 100000+17445 )ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

III) പ്രോജക്ട് നമ്പർ - 43/18

പ്രോജക്ട് -ഹൃദയ സ്പർശം 2017-മുതിർന്ന പൗരന്മാർക്കുള്ള ഹൃദയപരിശോധന പരിപാടി

ചെലവ് തുക - 89420/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 6/17-18 തീ.25/10/17 ,തുക - 5000/

2)6/17-18 തീ.22/2/18 , തുക – 77926/-

3)27/17-18 തീ.25/318 ,തുക -6494/-

പ്രോജക്ട് ലക്ഷ്യം -60 വയസ്സിനു മുകളിലും 5 വർഷത്തിൽ കൂടുതൽ കാലമായി പ്രമേഹം പ്രഷർ ബാധിതരുമായ രോഗികളുടെ പ്രാഥമിക ഹൃദയ പരിശോധന.ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 4 പി.എച്ച് .സികളിൽ വിവിധ ദിവസങ്ങളിൽ രോഗനിർണ്ണയ ക്ലിനിക്ക് നടത്തി രോഗനിർണ്ണയം നടത്തുക

a)ഈ പദ്ധതിക്കായി NEEDS SURGICALS ,M.G Road ,Thrissur എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നമ്പർ 1707/25.1.18 പ്രകാരം ഒരു ഇ.സി.ജി മെഷീൻ 59920/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ക്രമ നമ്പർ 2 പ്രകാരമുള്ള ബില്ലിൽ നിന്നാണ് തുക നല്കിയിട്ടുള്ളത്. മറ്റു തുകകൾ ഈ പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിച്ചിട്ടുള്ളതാണ്. ഇ.സി.ജി മെഷീന്റെ വാങ്ങലുമായി ബന്ധപ്പെട്ട ക്വട്ടേഷൻ/ ടെണ്ടർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുകയായ 59920 /- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

IV) പ്രോജക്ട് നമ്പർ - 46/18

പ്രോജക്ട് -മുതിർന്ന പൗരന്മാർക്കുള്ള കാൻസർ പ്രതിരോധ പരിപാടി

ചെലവ് തുക - 50000/- (വികസന ഫണ്ട്)

ബിൽ നമ്പർ - 1) 20/17-18 തീ.17/10/18 ,തുക - 12000/-

2)10/17-18 തീ.19/12/17 ,തുക – 33000/-

3)7/17-18 തീ.25/10/17 ,തുക -5000/-

പ്രോജക്ട് ലക്ഷ്യം- മുതിർന്ന പൗരന്മാരിൽ 50%പേർക്ക് ക്യാൻസർ പരിശോധന

ഫയൽ പ്രകാരം വിവിധ ദിവസങ്ങളിൽ മുല്ലശ്ശേരി, പാവറട്ടി, എളവള്ളി, വെങ്കിടങ്ങ് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തിയതായി കാണുന്നു.

a)ക്യാൻസർ ബോധവത്ക്കരണ ബുക്ക് പ്രിന്റിങ്ങിനായി Universal Multicolour Offset Printers എന്ന സ്ഥാപനത്തിന് ബിൽ നം.2488/13.2.18 പ്രകാരം 12000/- രൂപ നല്കിയിട്ടുണ്ട്.എത്ര ബുക്ക് പ്രിന്റ് ചെയ്തു? ഏത് നിരക്കിൽ? ഈവിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇതിന്റെ സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 17000/- രൂപ (12000+5000)ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

V)പ്രോജക്ട് നമ്പർ - 44/18

പ്രോജക്ട് -പെയിൻ &പാലിയേറ്റീവ്

ചെലവ് തുക - 200000/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 3/17-18 തീ.19/12/17 ,തുക - 100000/-

2)11/17-18 തീ.24/10/17 ,തുക –100000/-

എളവള്ളി പി.എച്ച്.സിയുടെ പെയിൻ &പാലിയേറ്റീവ് പദ്ധതിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 100000/-രൂപയും(ബിൽ ക്രമ നം.1) ,മുല്ലശ്ശേരി സി.എച്ച്.സിയ്ക്കു (ബിൽ ക്രമ നം.2)പ്രകാരം 100000/-രൂപയും കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട്.പ്രഫോർമ ഇൻവോയിസ് നമ്പർ യഥാക്രമം PRF 2300/25.11.17, PRF/1195 /9.10.17 .മരുന്ന് ലഭിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം നടത്തിയതിന്റെ രേഖകൾഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവു തുകയായ 200000/- രൂപ ഓഡിറ്റ്

തടസ്സത്തിൽ വയ്ക്കുന്നു.

VI)പ്രോജക്ട് നമ്പർ - 70/18

പ്രോജക്ട് -ബ്ലോക്ക് പരിധിയിലെ ഡയാലിസിസ് രോഗികൾക്ക്ഡയാലിസിസ് കിറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

ചെലവ് തുക - 200000/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 23/17-18 തീ.25/3/18 ,തുക - 200000/-

പ്രഫോർമ ഇൻവോയിസ് നമ്പർ PRF 5323/22.03.18പ്രകാരം ഡയാലിസിസ് രോഗികൾക്ക്ഡയാലിസിസ് കിറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 200000/-രൂപ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ട് .ഓഡിറ്റിന് ലഭ്യമാക്കിയ ട്രഷറി ബിൽ TR59(E) യോടൊപ്പം Beneficary details ഇല്ല.ആയതിനാൽ ഫണ്ട് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.കെ.എം.സി.എൽ ന്റെ കൈപ്പറ്റ് രസീത്,ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങൾ ലഭിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

VII)പ്രോജക്ട് നമ്പർ - 54/18

പ്രോജക്ട് -സി.എച്ച്.സി മുല്ലശ്ശേരിയ്ക്കു ഉപകരണങ്ങൾ വാങ്ങൽ

ചെലവ് തുക - 161617/-(വികസന ഫണ്ട്)

| ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനം | ഇൻവോയിസ് നമ്പർ /തീ/തുക | ട്രഷറി ബിൽ നമ്പർ/തീ. | തുക |
|---|---|---|---|
| Surgichem central surgcals | 1)3844/21.3.18/ 99849/- 2)3917/26.3.18/ 13986/- 3)2262/22.3.18/ 13782/- | 24/17-18 /26.03.18 | 127617/- |
| Vellara traders | VT373/22.1.18/ 17000/-( pluto UF purifier) VT373/22.1.18/ 17000/-( pluto UF purifier) | 13/17-18 /27.12.17 | 34000/- |

മേൽ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുകയായ 161617/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

VIII)പ്രോജക്ട് നമ്പർ - 53/18

പ്രോജക്ട് -സാന്ത്വനം 2017 -മുതിർന്ന പൗരന്മാർക്കുള്ള ദ്വിതീയപരിചരണം

ചെലവ് തുക - 125992/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 12/17-18 തീ.27/12/17 ,തുക - 69992/- (പദ്ധതി നടത്തിപ്പ്+ മരുന്നുവാങ്ങൽ)

2)21/17-18 തീ.22/02/18,തുക -56000/-(സി.എച്ച്.സി മുല്ലശ്ശേരിക്ക 2 ഓക്സിജൻ സിലിണ്ടർ വാങ്ങുന്നതിന് ചെലവഴിച്ചു)

1) 17/12/2017 ൽ സി.എച്ച്.സി യിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് (കാർഡിയോളജി&ഓർത്തോ) നടത്തുകയുണ്ടായി. ഇതേ ഉദ്ദേശത്തോടുകൂടി ഹൃദയസ്പർശം, കൈത്താങ്ങ് എന്നീരണ്ട് പദ്ധതികൾ നടത്തുകയുണ്ടായി. ഈ പദ്ധതികളിൽ ഉൾപ്പെട്ടവരുടെ ദ്വിതീയ പരിചരണം ആണെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) കാരുണ്യ ഫാർമസിയിൽ നിന്ന് ഈ പദ്ധതിക്കായി ബിൽ നമ്പർ 6277/15.12.17പ്രകാരം 22730/-,രൂപയുടെയും , ബിൽ നമ്പർ.6334/15.2/17 പ്രകാരം 17262/-രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3)ഈ പദ്ധതിയിൽ ഉൾപ്പെടുത്തി NEEDS SURGCALS ,M.G.Road ,Thrissur എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നമ്പർ 1706/25.1.18 (തുക -56000/-)പ്രകാരം സി.എച്ച്.സിയിലേക്ക് ഓക്സിജൻ സിലിണ്ടർ വാങ്ങിയിട്ടുണ്ട് (2എണ്ണം).ഇവ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.മേൽ കാരണങ്ങളാൽ ചെലവ് തുകയായ 95992/-(22730+17262+56000)രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

IX)പ്രോജക്ട് നമ്പർ - 58/18

പ്രോജക്ട് -വയോജന ആരോഗ്യ പരിരക്ഷ

ചെലവ് തുക - 95525/- (വികസന ഫണ്ട്)

ബിൽ നമ്പർ -1) 8/17-18 തീ.15/10/17 ,തുക - 5000/-(ആശവർക്കർമാർക്ക് ക്ലാസ്സ് -നടത്തിപ്പ് ചെലവ്)

2)09/17-18 തീ.18/11/17 ,തുക – 21500/-വയോജന ആരോഗ്യ പരിരക്ഷ സർവ്വേ ഫോം പ്രിന്റിങ്ങ് ചാർജ്ജ്

3)17/17-18 തീ.17/02/18 ,തുക -28500/- (നടത്തിപ്പ് ചെലവ്)

4)25/17-18 തി.25/3/18 തുക -40525/-(ആശവർക്കർമാർക്ക് സർവ്വെ നടത്തിയതിന് ഹോണറേറിയം മറ്റ് ചെലവുകൾ)

പ്രോജക്ട് ലക്ഷ്യം -ആശവർക്കർമാർക്ക് പരിശീലനം നല്കി വയോജനങ്ങളുടെ ആരോഗ്യ സർവ്വെ നടത്തുതിനും, വയോജന ക്ലബ് രൂപീകരിച്ച് ആരോഗ്യ പരിശീലനവും പദ്ധതിയിൻ വിഭാവനം ചെയ്തിരുന്നു.

1) സർവ്വെ നടത്തി കണ്ടെത്തിയ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ (സർവ്വെ റിപ്പോർട്ട്),സർവ്വെയിലെ വിവരങ്ങൾ തുടർ പ്രവർത്തനങ്ങൾക്ക് എപ്രകാരമാണ് ഉപയോഗപ്പെടുത്തുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല .

2)ഫയലിനോടൊപ്പം വിവധ പഞ്ചായത്തുകളിലെ വൃദ്ധരായവരുടെ blood pressure,blood sugar എന്നിവ പരിശോധിച്ചതിന്റെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് ഇതിൽ പേര് വയസ്സ്,വീട്ടുപേർ BP/Bsഎന്നിവയുടെ അളവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .മറ്റ് വിവരങ്ങളായ വീട്ടുനമ്പർ,വിലാസം ,സർവ്വെ ഫലം ,ഇവർ കൂടുതൽ പരിഗണന അർഹിക്കുന്നവരാണോ എന്നീ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.സർവ്വെകൊണ്ട് എന്താണ് ഉദ്ദേശിച്ചിട്ടുള്ളത്,പരിശീലനം നല്കിയത് എന്ത് ലക്ഷ്യം മുൻ നിർത്തിയാണ് എന്നീവിവരങ്ങൾ ലഭ്യമല്ല.

3)വയോജന ക്ലബ് രൂപീകരിച്ച് ആരോഗ്യ പരിശീലന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

4) മേൽ പദ്ധതിയ്ക്കുവേണ്ടി വയോജന ആരോഗ്യ പരിരക്ഷ സർവ്വേഫോം പ്രിന്റുചെയ്യുതിന് Universal Multicolour Offset Printers എന്ന സ്ഥാപനത്തിന് ബിൽ നം.1453/(ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല ) പ്രകാരം 21500/- രൂപ നല്കിയിട്ടുണ്ട് സർവ്വേഫോം കോപ്പിഫയലിൽ സൂക്ഷിച്ചിട്ടില്ല,ഫോം സ്റ്റോക്ക് ചെയ്ത് വിതരണം നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമല്ല.

ആശവർക്കർമാർ ഫീൽഡ് സർവ്വെ നടത്തി തയ്യാറാക്കിയ റിപ്പോർട്ട്, ആയത് തുടർ പ്രവർത്തനങ്ങൾക്ക് എപ്രകാരം ഉപയോഗപ്പെടുത്തുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 95525/- രൂപ ഓഡിറ്റ്തടസ്സത്തിൽ വയ്ക്കുന്നു.

2017-18 വർഷം ബ്ലോക്ക് പഞ്ചായത്ത് വൃദ്ധജനങ്ങൾക്ക് വേണ്ടി നടപ്പാക്കിയ പദ്ധതികളാണ് മേൽപ്പറഞ്ഞവ എല്ലാം തന്നെ. ഇതുമായി ബന്ധപ്പെട്ട പൊതുവായ അപാകത ഓരോ പദ്ധതിയിലും എത്ര പേർ പങ്കെടുത്തു? എത്ര പേർക്ക് രോഗനിർണ്ണയം നടത്തി ? ഇവരിൽ എത്രപേർക്ക് തുടർ പരിചരണം ആവശ്യമുണ്ട് ? ഇത് നല്കാൻ സ്വീകരിച്ച നടപടികൾ എന്ത് എന്നീ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ആയതിനാൽ ഈ പദ്ധതികളുടെ ഫലപ്രാപ്തി എത്രത്തോളമുണ്ട് എന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന നാല് പഞ്ചായത്തുകളിലെ വൃദ്ധജനങ്ങളാണ് ഈ പദ്ധതികളുടെയെല്ലാം ഗുണഭോക്താക്കൾ. ആയതിനാൽ തന്നെ 4 ഗ്രാമപഞ്ചായത്തുകളിലെയും വൃദ്ധജനങ്ങളുടെ സമഗ്ര സർവ്വെ നടത്തി, ഇവർക്കായി പ്രത്യേക ക്ലിനിക്കുകൾ നടത്തി ഇതിൽ ഏറ്റവും പരിഗണന അർഹിക്കുന്നവരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പ്രഥമ പരിഗണന നല്കും വിധം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതായിരുന്നു ഉചിതം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ഗ്രാമ സഭ തലത്തിൽ അറിയിപ്പും ബോധവത്ക്കരണവും നടത്തി ഒരു സമഗ്ര ആരോഗ്യസർവ്വെയുടെ അടിസ്ഥാനത്തിൽ ക്ലിനിക്കുകൾ നടപ്പാക്കിയിരുന്നവെങ്കിൽ ഓരോ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ (ബാനർ,പ്രിന്റിങ്ങ് നോട്ടീസ്, അനൗൺസ്മെൻറ്, വിവധ ഇനങ്ങളുടെ വാടക ,ഭക്ഷണച്ചെലവ് etc)ചെലവുകൾ പരിമിതപ്പെടുത്താമായിരുന്നു വെന്നും നിരീക്ഷിക്കുന്നു.തുടർ വർഷങ്ങളിൽ ഈയൊരു കാഴ്ചപ്പാടോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആകെ തടസ്സപ്പെടുത്തിയ തുക 9,83,499/-

| ഖണ്ഡിക | തടസ്സപ്പെടുത്തിയ തുക |
|---|---|

| | |
|---|---|
| 3-8(I) | 36000 |
| 3-8(II) | 117445 |
| 3-8(III) | 59920 |
| 3-8(IV) | 17000 |
| 3-8(V) | 200000 |
| 3-8(VI) | 200000 |
| 3-8(VII) | 161617 |
| 3-8(VIII) | 95992 |
| 3-8(IX) | 95525 |
| ആകെ | 983499 |

## **3-9** വിദേശ തൊഴിൽ ധനസഹായം- രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: പട്ടിക ജാതി വികസന ഓഫീസർ

പ്രോജക്ട് നം 49/18

ബിൽ നം 4/AA/B//17-18 തിയതി .17.3.18 തുക 500000

പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി ഒ (എം എസ്) നമ്പർ 80/2017 തസ്വ ഭവ തിയതി 3.4.17 ൽ വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 50000 രൂപ ധനസഹായം നൽകാവുന്നതാണെന്ന് പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തൊഴിൽ വിസ ഹാജരാക്കി കാണുന്നില്ല.

1.മണികണ്ഠൻ, മന്നത്ത് വീട്, മരുതയൂർ, പാവറട്ടി

2. പ്രകാശൻ, കോരമ്പി ഹൗസ്, പി ഒ ഏനമാക്കൽ

രേഖകൾ ഹാജരാക്കുന്നതുവരെ മേൽ ഗുണഭോക്താക്കൾക്കായി അനുവദിച്ച 100000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## **3-10** ഐ.എ വൈ ഭവന പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മുൻ വർഷങ്ങളിൽ ഐ എ വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുകയും വിവിധ കാരണങ്ങളാൽ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ തുക കൈപ്പറ്റുകയും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല. എന്നാൽ ഈ ഗുണഭോക്താക്കളെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി കാണുന്നുമില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാളുക്കുട്ടി,ഏങ്ങടി ഹൗസ്. , പാവറട്ടി | പാവറട്ടി | 2012-13 | 116500 | |
| 2 | സജിത, ചക്കണ്ടൻ ഹൗസ് | എളവള്ളി | 2014-15 | 17500 | |
| 3 | ജിനി, വടക്കൂട്ട് ഹൗസ്, പാവറട്ടി | പാവറട്ടി | 2013-14 | 59500 | ഏരിയ കൂടുതൽ പണിതതിനാൽ പിന്നീടുള്ള ഗഡുക്കൾ നൽകിയിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/10.12.18) ക്രമ നം 1,3 ഗുണഭോക്താക്കൾ നിലവിൽ പണിപൂർത്തീകരിച്ചതായും അനുവദനീയമായതിനേക്കാൾ കൂടുതൽ ഏരിയ പണിതതിനാലാണ് പിന്നീടുള്ള ഗഡുക്കൾ അനുവദിക്കാതിരുന്നത് എന്നും , ക്രമ നം 2 ലൈഫിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ താത്പര്യമില്ല എന്ന് അറിയിച്ചു എന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. അനുവദനീയമായതിനേക്കാൾ അധികം പണിതസംഗതികളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം അനുവദിച്ച തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-11 ഐ.എ വൈ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്

2017-18 വാർഷിക കണക്ക് പ്രകാരം ഐ.എ.വൈ സംസ്ഥാന വിഹിതത്തിനായുള്ള എസ് ബി ടി അക്കൗണ്ടിൽ ( അക്കൗണ്ട് നം 32676) 784915 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നിലവിൽ ഐ എ വൈ പദ്ധതിയിൽ ഉൾപ്പെട്ടതും പണി പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് വരുവാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ടതിന് 2013-14 വർഷത്തിൽ ഐ എ വൈ അധിക ധനസഹായത്തിന് വേണ്ടി സ്റ്റേറ്റ് ഷെയറിന് അപേക്ഷിച്ചിരുന്നു എന്നും എന്നാൽ പ്രസ്തുത തുക ബ്ലോക്കിൽ തന്നെ വകയിരുത്തി എന്നും അപേക്ഷിച്ച തുക ചെലവഴിക്കാതെ കിടന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. തുക ചെല വഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി നിലവിലെ സ്ഥിതി അവലോകനം

ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ സ്ഥിതി താഴെ കൊടുക്കുന്നു.

| 2017-18ൽ പണിയുവാൻ | 2017-18 ൽ കരാറിൽ എർപ്പെട്ട | 2017-18ൽ കരാറിൽ എർപ്പെട്ടതും | കരാറിൽ ഏർപ്പെട്ട വയിൽ | മുൻവർഷ ങ്ങളിൽ കരാറിൽ | മുൻവർഷ ങ്ങളിൽ കരാറിൽ | 31.3.18ൽ പൂർത്തീക രിക്കാൻ |
|---|---|---|---|---|---|---|

| ലക്ഷ്യംവച്ച വീടുകളുടെ എണ്ണം | | | വരുടെ എണ്ണം | | | 2017-18ൽ പൂർത്തിയാക്കിയതുമായ വീടുകളുടെ എണ്ണം | | | പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | | | ഏർപ്പെട്ടവയിൽ 31.3.18ൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | | | ഏർപ്പെട്ടവയിൽ 2017-18ൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | | | അവശേഷിക്കുന്ന വീടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | | 2 | | | 3 | | | 4 | | | 5 | | | 6 | | | 7 | | |
| General | SC | ST | General | SC | ST | General | SC | ST | General | SC | ST | General | SC | ST | General | SC | ST | General | SC | ST |
| 10 | 26 | 0 | 7 | 24 | 0 | 6 | 13 | 0 | 1 | 11 | 0 | 4 | 24 | 0 | 18 | 74 | 0 | 58 | 35 | 0 |

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39817403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36685349 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4354079 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | - | 89000/- | ഡോ.കെ.ടി.സുജ,സൂപ്രണ്ട്,സി.എച്ച്.സി |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 856680 | രിഷ്മ പി.പി, അസി.എഞ്ചിനീയർ |
| 3-3 | 725000 | സന്ധ്യ.വി,കൃഷി അസി.ഡയറക്ടർ |
| | 75000 | അനിത.എം.കെ .കൃഷി അസി.ഡയറക്ടർ |
| 3-6 | 1613900 | അബ്ദുൾ സലാം എം.സെക്രട്ടറി |
| 3-8 | 983499 | ഡോ.കെ.ടി.സുജ,സൂപ്രണ്ട്,സി.എച്ച്.സി |
| 3-9 | 100000 | അജിത് കുമാർ എം.ആർ,പട്ടികജാതിവികസന ഓഫീസർ |
| ആകെ | 4354079 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.കെ.ടി.സൂജ, സൂപ്രണ്ട്, സി.എച്ച്.സി | സൂപ്രണ്ട്, സി.എച്ച്.സി, മുല്ലശ്ശേരി | കരുമത്തിൽ വീട് സുഷശ്രീ, പി.ഒ മുഴശ്ശേരി, വെങ്കടങ്ങ് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി.ബി.പി-1751/10/29.10.10/8.12.10 | |
| 98-99 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 99-2000 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2000-01 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 2001-02 | എൽ.എഫ്.ടി.21-2145/07 തിയ്യതി 27.05.08/ 18.10.08(വരവ്) | |
| 98-99 | എൽ.എഫ്.ടി.21-1096/09 തിയ്യതി 15.07.10 (വരവ്) | |
| 99-2000 | എൽ.എഫ്.ടി.21-1097/09 തിയ്യതി 15.07.10 (വരവ്) | |
| 2000-01 | എൽ.എഫ്.ടി.21-1098/09 തിയ്യതി 15.07.10 (വരവ്) | |
| 2001-02 | എൽ.എഫ്.ടി.ബി.പി-33/12/ 01.03.12 | |
| 2002-03 | “ | |
| 2003-04 | “ | |
| 2004-05 | “ | |
| 2005-06 | “ | |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ടി.ബി.പി2131/11 തിയ്യതി 09.05.12 | |
| 2007-08 | എൽ.എഫ്.ടി.ബി.പി2132/11 തിയ്യതി 09.05.12 | |
| 2008-09 | എൽ.എഫ്.ടി.ബി.പി2133/11 തിയ്യതി 09.05.12 | |
| 2009-10 | എൽ.എഫ്.ടി.ബി.പി2134/11 തിയ്യതി 09.05.12 | |
| 2010-11 | എൽ.എഫ്.ടി.ബി.പി2278/12 തിയ്യതി 12.02.13/13.06.13 | |
| 2011-12 | എൽ.എഫ്.ടി.ബി.പി1996/13 തിയ്യതി 03.02.14 | |
| 2012-13 | എൽ.എഫ്.ടി.ബി.പി1264/14 തിയ്യതി 12.11.14/10.02.15 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി പി)1235/15 തിയ്യതി 15.10.15/8.12.15 | |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)644/17/30.5.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)1410/17/30.8.17 | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ

പ്രകാരവും മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |

| | |
|---|---|
| ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ